(സി) ഇവർക്ക് മാറിമാറി വരുന്ന തദ്ദേശഭരണ സമിതികളുടെ പിരിച്ചുവിടൽ ഭീഷണി ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ?

ഉണ്ട്. അപ്രകാരമുള്ള പരാതി ലഭിക്കുന്നുണ്ട്.

(ഡി) കോവിഡ് പശ്ചാത്തലത്തിൽ പാലിയേറ്റീവ് കെയർ നഴ്സുമാർക്ക് ഇൻസെന്റീവ് ആനുകൂല്യം നൽകുന്നത് പരിഗണനയിലുണ്ടോ; വിശദമാക്കാമോ?

7-9-2020-ലെ സ.ഉ. (സാധാ) നമ്പർ 1615/2020/തസ്വഭവ. പ്രകാരം കോവിഡ്കാലത്ത് പ്രവർത്തിച്ച പാലിയേറ്റീവ് കെയർ നഴ്സുമാർക്ക് 2020 മാർച്ച് മാസം മുതൽ ആറ് മാസത്തേയ്ക്ക് 1,000 രൂപ ഇൻസെന്റീവ് അനുവദിച്ചിരുന്നു. 5-10-2020-ലെ സ.ഉ. (സാധാ) നമ്പർ 1820/2020/ത.സ്വ.ഭ.വ. ഉത്തരവ് പ്രകാരം പ്രസ്തുത ഇൻസെന്റീവ് 2020 സെപ്റ്റംബർ മാസം മുതൽ ആറ് മാസത്തേയ്ക്കുകൂടി ദീർഘിപ്പിച്ച് നൽകിയിട്ടുണ്ട്.

നിലമ്പൂർ മണ്ഡലത്തിലെ കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കുള്ള ഫണ്ട്

357 (3385) ശ്രീ. പി. വി. അൻവർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്ക് നിലമ്പൂർ മണ്ഡലത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തനത് ഫണ്ടിൽനിന്നും ഇതുവരെ ചെലവഴിച്ച തുക എത്രയെന്ന് ചെലവഴിച്ച ഇനം, ഗ്രാമപഞ്ചായത്ത് എന്നിവ തിരിച്ച് വിവരം ലഭ്യമാക്കാമോ?

വിശദാംശം അനുബന്ധമായി ചേർക്കുന്നു.*

(ബി) പ്രസ്തുത മണ്ഡലത്തിൽ ഏതെല്ലാം പഞ്ചായത്തുകളിലാണ് കോവിഡ് ഡൊമിസിലറി കെയർ സെന്ററുകൾ (ഡി.സി.സി.) ആരംഭിച്ചിരിക്കുന്നതെന്ന് വിശദമാക്കാമോ?

എല്ലാ ഗ്രാമപഞ്ചായത്തുകളിലും ഡി.സി.സി-കൾ പ്രവർത്തിക്കുന്നുണ്ട്.

(സി) എത്ര ദിവസമാണ് ഡി.സി.സി-കൾ പ്രവർത്തിച്ചതെന്നും എത്രയാളുകളെയാണ് ഓരോ ഡി.സി.സി-കളിലും പ്രവേശിപ്പിച്ചിരുന്നതെന്നും നടത്തിപ്പിന് എത്ര തുകയാണ് ഗ്രാമപപഞ്ചായത്തുകൾ ചെലവഴിച്ചതെന്നും പദ്ധതി, തനത് വിഹിതം തിരിച്ച് അറിയിക്കാമോ;

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

(ഡി) നിലവിൽ ഈ മണ്ഡലത്തിൽ എവിടെയൊക്കെ ഡി.സി.സി- കൾ പ്രവർത്തിക്കുന്നുണ്ടെന്ന് അറിയിക്കാമോ?

(സി&ഡി) വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ഇ) കോവിഡ് ടെസ്റ്റ് പോസിറ്റിവിറ്റി റേറ്റ് കൂടുതലുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ഡി.സി.സി-കൾ പുനരാരംഭിക്കുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ?

മലപ്പുറം ജില്ലയിൽ ടി.പി.ആർ. കൂടുതലുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെല്ലാം നിലവിൽ ഡി.സി.സി-കൾ പ്രവർത്തിച്ചുവരുന്നുണ്ട്.

(എഫ്) കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കായി നിലമ്പൂർ മണ്ഡലത്തിലെ വിവിധ തദ്ദേശസ്വയംഭരണ സ്ഥപാനങ്ങൾക്ക് സർക്കാർ ഫണ്ട് അനുവദിച്ച് നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ പഞ്ചായത്ത് തിരിച്ച് അറിയിക്കാമോ?

വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു.*

ആരാധനാലയങ്ങളുടെ നവീകരണവും കൂട്ടിച്ചേർക്കലും

358 (3386) ശ്രീ. മോൻസ് ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരാധനാലയങ്ങളുടെ നവീകരണവും കൂട്ടിച്ചേർക്കലും സംബന്ധിച്ച മാർഗ്ഗനിർദ്ദേശത്തിൽ വരുത്തിയ ഭേദഗതി ഉത്തരവ് നടപ്പാക്കുന്നത് സംബന്ധിച്ച് സർക്കാർ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) ഈ ഭേദഗതി ഉത്തരവ് സംബന്ധിച്ച് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് എന്ത് നിർദ്ദേശമാണ് സർക്കാർ നൽകിയിട്ടുള്ളതെന്നറിയിക്കാമോ?

(എ&ബി) ഉണ്ട്. ആഭ്യന്തര വകുപ്പ് പുറപ്പെടുവിച്ചിട്ടുള്ള "Manual of Guidelines to Prevent and Control Communal Disturbances and to promote communal Harmony" - മാർഗ്ഗരേഖയിൽ കൊണ്ടുവന്ന ഭേദഗതിയുടെ അടിസ്ഥാനത്തിൽ, 2019-ലെ കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 5(4) ഭേദഗതി ചെയ്ത് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്.

(സി) ഇതുസംബന്ധിച്ച് കോട്ടയം ജില്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ 14-5-2021-ന് സർക്കാരിന് നൽകിയ കത്തിന്മേൽ പഞ്ചായത്ത് ഡയറക്ടറും സർക്കാരും എന്ത് നടപടി സ്വീകരിച്ചു എന്നറിയിക്കാമോ; ഇതുസംബന്ധിച്ചുള്ള കമ്പ്യൂട്ടർ നമ്പരും ഫയൽ നമ്പരും അറിയിക്കാമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.